## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3372 — 12.12.2014-ൽ മറുപടിക്ക്

### ജെ.എൻ.എൻ.യു.ആർ.എം പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.റ്റി.എ.അഹമ്മദ് കബീർ | | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | ജെ.എൻ.എൻ.യു.ആർ.എം പദ്ധതിയിൽപ്പെടുത്തി നടപ്പിലാക്കിവരുന്ന കൊച്ചി ശുദ്ധജല പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | (എ) | മുഴുവൻ പ്രവർത്തനങ്ങളും പൂർത്തിയായിട്ടില്ല. പദ്ധതിയുടെ ഭാഗമായ ശുദ്ധീകരണശാലയുടെ പണികൾ, കിണർ, റോവാട്ടർ പമ്പിംഗ് മെയിൻ, ട്രാൻസ്മിഷൻ മെയിൻ, കുമ്പളങ്ങിയിൽ സ്ഥാപിക്കുന്ന ഓവർഹെഡ് വാട്ടർടാങ്ക്, എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. ചെല്ലാനത്തും, മരടിലും സ്ഥാപിക്കുന്ന ഓവർഹെഡ് വാട്ടർടാങ്കിന്റെ പണികളും വിതരണശൃംഖലയുടെ പണികളും പൂർത്തിയാകാനുണ്ട്. |
| (ബി) | പൂർത്തിയായിട്ടില്ലെങ്കിൽ എന്നേക്ക് പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; | (ബി) | 2015 ജനുവരിയോടു കൂടി പദ്ധതി കമ്മിഷൻ ചെയ്യാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (സി) | പദ്ധതിയ്ക്കായി ഇതിനകം എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് ? | (സി) | 199.37 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ